പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5482 28/07/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## കാർഷികമേഖലയിലെ നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കാർഷികമേഖലയുടെ വളർച്ചക്കായി നടപ്പാക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• ജൈവ കൃഷി.<br>• ഹൈടെക് കൃഷി.<br>• കാർഷിക കർമ്മസേന.<br>• അഗ്രോ സർവ്വീസ് സെന്ററുകൾ.<br>• ഇ-പെയ്മെന്റ്.<br>• കുറിയ ഇനം തെങ്ങുകളുടെ കൃഷി വ്യാപകമാക്കാൻ ലക്ഷ്യമിട്ടു കൊണ്ടുളള "കേര സമൃദ്ധി പദ്ധതി".<br>• പച്ചത്തേങ്ങാസംഭരണം.<br>• വിള ആരോഗ്യ പരിപാലന പദ്ധതി.<br>• നിറവ് പദ്ധതി.<br>• കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി.<br>• സോയിൽ ഹെൽത്ത് കാർഡ് പദ്ധതി.<br>• ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി. (പി.കെ.വി.വൈ)<br>• കൃഷി അനുബന്ധ മേഖലകൾ സമന്വയിപ്പിച്ചു കൊണ്ട് |

നടപ്പിലാക്കുന്ന റെയിൻഫെഡ് ഏരിയ ഡെവലപ്പ് മെന്റ് പദ്ധതി.

- പ്രിസിഷൻ ഫാമിംഗ് ഫെർട്ടിഗേഷൻ മഴമറകൃഷി (പച്ചക്കറി വികസന പദ്ധതിയിലെ പുതിയ ഘടകങ്ങൾ)
- മാതൃകാ ഹൈടെക് മാതൃകാ ഗ്രാമ പദ്ധതി.
- പച്ചക്കറി, പൂക്കൾ എന്നിവയ്ക്കുള്ള മികവിന്റെ കേന്ദ്രം.

| | |
|---|---|
| ബി) കൃഷിക്കായി പ്രത്യേക ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് കാർഷിക നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ടോ; | ബി) സി) കൃഷി അനുബന്ധ മേഖലകൾക്ക് കൂടുതൽ പദ്ധതികളും ഫണ്ടുകളും നീക്കിവക്കുന്നതിനായി പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് സർക്കാർ അംഗീകരിച്ച കാർഷിക വികസന നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. (നയം 282 ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| സി) കാർഷിക അനുബന്ധമേഖലകളിലെ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച് പ്രത്യേക ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ

## 38. കാർഷിക ആസൂത്രണവും ബജറ്റുമായി ബന്ധപ്പെട്ട നയങ്ങൾ

38.1. കാർഷികാസൂത്രണംകൊണ്ട് ഉദ്ദേശിക്കുന്നത് വികസനത്തിന്റെ സമ്മർദ്ദങ്ങളിലും കാർഷികവും പാരിസ്ഥിതികവുമായ വിഭവങ്ങളുടെ സന്തുലിതമായ സംരക്ഷണമാണ്. കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു മേഖലകളും ഉല്പാദനകാര്യങ്ങളിൽ എങ്ങനെയാണ് വരുംതലമുറയ്ക്കായി സംരക്ഷിക്കപ്പെടുക എന്ന ഉൾക്കാഴ്ചയാണ് പ്രാദേശിക പദ്ധതികളിലെ കാർഷികനയങ്ങൾ, ശ്രദ്ധേയമായ പഠനങ്ങൾ, വിദഗ്ദ്ധസമിതികളുടെ ഉപദേശങ്ങൾ തുടങ്ങിയവ നൽകുന്നത്.

**38.2 നയം 281. സർക്കാർ കൃഷിക്ക് നൽകിവരുന്ന മുൻഗണന നിലനിർത്തണം.**

38.2.1. കാർഷികമേഖലയുടെ ഉന്നമനത്തിനായുള്ള നൂതന ആശയങ്ങളാൽ സമ്പന്നമായിരുന്നു ധനകാര്യ മന്ത്രി ശ്രീ. കെ.എം. മാണി അസംബ്ലിയിൽ അവതരിപ്പിച്ച 2013-2014 ലെ കേരള ബജറ്റ്. അരിയ്ക്കും അരിയുല്പന്നങ്ങൾക്കുമുള്ള നികുതിയിളവ്, കാർഷിക തണൽ വലകൾ (Agro Shade Net) പോലെയുള്ള ഉല്പാദനോപാധികളുടെ നികുതിയൊഴിവാക്കൽ, കാർഷിക ആദായനികുതിയിൽനിന്ന് വ്യക്തികളെ ഒഴിവാക്കൽ, ചെറുകിട-നാമമാത്ര കർഷകർക്കുള്ള പലിശരഹിത കാർഷികവായ്പകൾ, NABARD ലോണിൻമേൽ പലിശ കുടിശ്ശികയിളവ്, ചെറുകിട കർഷകർക്കായി സമഗ്ര കാർഷിക ഉദ്യാന പദ്ധതി, മാതൃകാ ഹൈ-ടെക് ഗ്രാമങ്ങൾ, കർഷകവിപണികൾ, സമഗ്ര വിളഇൻഷ്വറൻസ് ഇവയ്ക്ക് നൽകിയ ഊന്നലിലൂടെ കൃഷിയുടെ പ്രാധാന്യം വ്യക്തമാക്കുകയും വരുംവർഷങ്ങളിലും ഇത് തുടരുമെന്ന് ഉറപ്പുനൽകുകയും ചെയ്തു.

38.2.2. കൃഷിയെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തുകയും മേഖലാടിസ്ഥാനത്തിലുള്ള വിഭവവിഭജനം നടത്തുമ്പോൾ മുന്തിയ പരിഗണന നൽകുകയും വേണം. പണം അനുവദിച്ചിരിക്കുന്ന കാര്യത്തിന് തന്നെയാണ് ഉപയോഗിക്കുന്നത് എന്ന് കൃത്യമായ നിരീക്ഷണത്തിലൂടെ ഉറപ്പുവരുത്തണം. കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കാർഷികമേഖലയ്ക്ക് കൂടുതൽ ധനസഹായം നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ബോധപൂർവമായ ശ്രമം വേണം.

**38.3 നയം 282. കൃഷി-അനുബന്ധമേഖലകൾക്ക് കൂടുതൽ പദ്ധതികളും ഫണ്ടുകളും നീക്കിവയ്ക്കുന്നതിനായി പ്രത്യേക കാർഷിക ബജറ്റ് അവതരിപ്പിക്കണം.**

38.3.1. ബജറ്റ് എന്നുപറയുന്നത് ഒരു സാമ്പത്തിക ആസൂത്രണ രേഖയാണ്. ഭാവിയിൽ വരാവുന്ന ചെലവുകൾ തിട്ടപ്പെടുത്തി, അവ നേരിടുന്നതിനായുള്ള മാർഗ്ഗങ്ങൾ ഒരു വ്യക്തമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നു. വിതരണം, സ്ഥിരത, വികസനം, വളർച്ച തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിഭവങ്ങൾ തുല്യമായ ഫലപ്രാപ്തിയിലും കാര്യക്ഷമതയിലും മുൻകൂട്ടി വിഭാവനം ചെയ്ത് നീക്കിവയ്ക്കാൻ സ്ഥാപനങ്ങളെ സഹായിക്കുന്ന സംവിധാനമാണ് ബജറ്റ്.

38.3.2. സംസ്ഥാനത്ത് പ്രത്യേക കാർഷിക ബജറ്റ് ആവശ്യമാണ്. കാരണം കൃഷിയെന്നത് സംസ്ഥാനവിഷയമാണ്. കാർഷികമേഖലയിൽ സംസ്ഥാന സർക്കാരിനുള്ള പങ്ക് വളരെ പ്രധാനമാണ്. നിലവിലുള്ള കാർഷികനിക്ഷേ

പങ്ങൾ ഏറിയകൂറും കൃഷിക്കാർ നേരിട്ട് നടത്തിയിട്ടുള്ളതാണ്. മറ്റു മേഖലകളിലെ സാമ്പത്തിക നിക്ഷേപങ്ങളെക്കാൾ ഇത് വളരെക്കുറവാണ്. ഇതിനുപുറമെ സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും കൃഷിക്കാർക്ക് എളുപ്പത്തിൽ ലഭ്യമാവുന്ന മൂലധനവും കുറവാണ്. ആവശ്യമായ നിക്ഷേപങ്ങൾ, ക്ഷേമത്തിനായുള്ള നടപടികൾ, ഉല്പാദനത്തിലെ പുതിയ സാങ്കേതികവിദ്യകളുടെ പ്രചാരവും സഹായവും തുടങ്ങിയവ ഉറപ്പു വരുത്തുന്നതിന് ഒരു കാർഷികബജറ്റ് അനിവാര്യമാണ്.

38.3.3. കാർഷികമേഖലയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള സമീപനവും മറ്റു ബന്ധപ്പെട്ട മേഖലകളായ ഉദ്യാനവിളക്കൃഷി, മൃഗസംരക്ഷണം, ഉൾനാടൻ മത്സ്യക്കൃഷി, പാലും പാലുല്പന്നങ്ങളും, ഭക്ഷ്യസംസ്കരണം, ജലസേചനപദ്ധതികൾ, കാർഷികാവശ്യത്തിനുള്ള കാര്യക്ഷമമായ ഊർജ്ജ സംവിധാനങ്ങൾ, കാർഷികവിപണനം എന്നിവയെല്ലാമാണ് പ്രത്യേക കാർഷികബജറ്റുവഴി ലക്ഷ്യമിടേണ്ടത്.

38.3.4. കാർഷികകലണ്ടർ അടിസ്ഥാനമാക്കിവേണം കാർഷികബജറ്റിന് രൂപം നൽകാൻ. ഇപ്പോൾ ബജറ്റിന് അംഗീകാരം നൽകുന്നത് മാർച്ചിലാണെങ്കിലും വകുപ്പുകളിലേയ്ക്ക് എത്തുന്നത് ജൂൺ-ജൂലായ് മാസങ്ങളിലാണ്. പക്ഷെ കൃഷിയുടെ തയ്യാറെടുപ്പുകൾ നടക്കുന്നത് മാർച്ച്-ജൂൺ കാലഘട്ടത്തിലാണ്. അതുകൊണ്ട് കാർഷികസീസണുകളുമായി ബന്ധപ്പെട്ടുവേണം വാർഷിക സാമ്പത്തിക ആസൂത്രണം നടത്തേണ്ടത്.

38.3.5. ആയതിനാൽ പ്രത്യേക കാർഷികബജറ്റ് കേരളത്തിന്റെ ഒരു അനിവാര്യതയാകുന്നു.

**38.4 നയം 283. കൃഷിവകുപ്പിന്റെ വാർഷിക പദ്ധതികൾ രൂപവല്കരിക്കുമ്പോൾ നീർമറിയെ അടിസ്ഥാനമാക്കിയുള്ള പ്രാദേശിക ആസൂത്രണ രേഖകൾക്ക് ഊന്നൽ നൽകേണ്ടതാണ്.**

38.4.1. വാർഷിക കാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും മുമ്പുതന്നെ സംസ്ഥാന കാർഷിക ആസൂത്രണരേഖ (കാർഷികനയം - ഭാഗം 14.6.ൽ സൂചിപ്പിച്ചതുപോലെ) തയ്യാറാക്കണം. ബജറ്റുകളും ആസൂത്രണരേഖകളും കാലേകൂട്ടിത്തന്നെ തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളുടെ സഹായത്തോടെ പ്രാദേശിക ആസൂത്രണരേഖ നീർമറിയെ അടിസ്ഥാനമാക്കി തയ്യാറാക്കി സംസ്ഥാനതലത്തിൽ സമാഹരിച്ച് സംസ്ഥാന ആസൂത്രണരേഖ തയ്യാറാക്കണം. ഇത് വർഷാവർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതിന് സഹായിക്കും.

38.4.2. പ്രകൃതിവിഭവങ്ങളുടെ ശരിയായ ഉപയോഗത്തിനും മണ്ണിന്റെയും ജലസമ്പത്തിന്റെയും സംരക്ഷണത്തിനും സ്വീകാര്യമായ ആസൂത്രണ ഘടകമെന്ന നിലയിൽ നീർമറി പ്രദേശം മാറിയിട്ടുണ്ട്. നീർമറിപ്രദേശം എത്ര വലിപ്പത്തിലുമാവാം, പക്ഷേ രണ്ടോ മൂന്നോ വർഷത്തേയ്ക്കുള്ള ശരിയായ ആസൂത്രണത്തിനും നടത്തിപ്പിനും വേണ്ട നീർമറി പ്രദേശത്തിന്റെ വിസ്തൃതി 1000-5000 ഹെക്ടറായി നിജപ്പെടുത്തുന്നതാണ് നല്ലത്.

38.4.3. സുസ്ഥിര വികസനത്തിനായി സമഗ്ര ഗ്രാമീണ-കാർഷിക വികസന പരിപാടികൾ നടപ്പിലാക്കുമ്പോൾ സ്വാഭാവിക ആസൂത്രണ-നടത്തിപ്പ് യൂണിറ്റുകളായി നീർമറിപ്രദേശത്തെ അംഗീകരിക്കണം.

Section Officer.